## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 934 02.12.2015-ൽ മറുപടിക്ക്

### ജലനിധി ഒന്നാംഘട്ടം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഹൈബി ഈഡൻ<br>,, അൻവർ സാദത്ത്<br>,, പാലോട് രവി<br>,, തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ. | ജലനിധി ഒന്നാംഘട്ടം പദ്ധതികൾ പൂർത്തിയാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ. | ജലനിധി ഒന്നാംഘട്ടത്തിൽ 112 ഗ്രാമ പഞ്ചായത്തുകളിലായി 2500 പദ്ധതികൾ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 3710 പദ്ധതികൾ വിജയകരമായി പൂർത്തീകരിച്ചു. എന്നാൽ ഏതാനും ചില പദ്ധതികൾ, പ്രോജക്ടിന്റെ കാലാവധി കഴിഞ്ഞതിനാലും, ലോകബാങ്ക് ധനസഹായം നിർത്തിയതിനാലും പൂർത്തീകരിക്കാൻ സാധിച്ചില്ല. |
| ബി | പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ; | ബി. | ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ജലനിധിയുടെ ഒന്നാംഘട്ട പദ്ധതി പ്രവർത്തനങ്ങൾ കൊണ്ട് 1.90 ലക്ഷം കുടുംബങ്ങളിൽ പ്പെട്ട 11.23 ലക്ഷം ഗുണഭോക്താക്കൾക്ക് ശുദ്ധജല ശുചിത്വ സംവിധാനങ്ങൾ ലഭ്യമാക്കാൻ സാധിച്ചു. |

| | | | |
|---|---|---|---|
| സി | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | സി | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർത്തീകരിക്കേണ്ട പദ്ധതികൾ വിശദമായി പരിശോധിച്ച് പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ